(41) കൊച്ചി നഗരത്തിലെ സ്വീവറേജ് പദ്ധതിയുടെ സ്തംനോവസ്ഥ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കൊച്ചിൻ നഗരത്തിലെ സ്വീവറേജ് പദ്ധതി ഉപേക്ഷിക്കപ്പെട്ടതുമൂലം നഗരവാസികളാകെ ഉൽക്കണ്ഠാകുലരാണ്. 1978-ൽ ആരംഭിച്ച പദ്ധതി കഴിഞ്ഞ വർഷം മുതൽ ഗവൺമെൻറ് പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുകയാണ്. പൈപ്പ് എടുക്കുന്നതിനായി എൽ. ഐ. സി. യിൽനിന്ന് കൊച്ചിൻ കോർപ്പറേഷൻ ജാമ്യം നിന്നു വാങ്ങിയ 15 കോടി ഉറുപ്പികയ്ക്കു പോലും പൈപ്പ് എടുത്തു ഉപയോഗിച്ചിട്ടില്ല. 6 കോടി ഉറുപ്പിക മാത്രമാണ് സ്വീവറേജ് പൈപ്പുകളിടുന്നതിന് ഉപയോഗിച്ചത്. ബാക്കി സംഖ്യ വാട്ടർ അതോറിറ്റി ഗസ്റ്റ്ഹൗസുകൾ പണിയാനാണ് ഉപയോഗിച്ചത്. ജനറൽ ആസ്പെക്ടിൽ ഏകദേശം ആയിരം വീടുകൾക്ക് മാത്രമാണ് പ്ലാനിൽ കണക്ഷൻ കൊടുത്തിട്ടുള്ളത്. മാറു മേഖലയിലെ കക്കൂസുകൾക്ക് ഡ്രെയിനേജ് സംവിധാനവുമായി ഇതുവരെ കണക്ഷൻ കൊടുത്തിട്ടില്ല. ഒരു ദിവസം 10 ലക്ഷം ഗ്യാലൻ അഴുക്ക് ഉൽപ്പാദിപ്പിക്കപ്പെടുന്ന നഗരത്തിൽ സെപ്ടിക് ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. പദ്ധതിയുടെ അഞ്ചു മേഖലകളിൽ മൂന്നിടത്തെയും പൈപ്പുകൾ അഴുക്കുചാൽ പ്ലാന്റിലേക്ക് ഒഴുകത്തക്കവിധത്തിലാണ് ഇട്ടിരിക്കുന്നത്. അതു മാറ്റി മറ്റൊരുവിധത്തിൽ ടാങ്കുണ്ടാക്കണം. പ്ലാന്റ് വരുമെന്നറിഞ്ഞ് സെപ്ടിക് ടാങ്ക് ഉണ്ടാക്കാതെ കക്കൂസുകളുണ്ടാക്കിയ നഗരവാസികൾ ഇപ്പോൾ അഴുക്കുചാലിലേക്ക് അവരുടെ കക്കൂസുകൾ തുറന്നുവെച്ചിരിക്കുന്നു. ഇതുമൂലം നഗരമാകെ ഒരു നരകമായി മാറിയിരിക്കുകയാണ്. അടിയന്തിരമായി പ്ലാന്റിന്റെ പണി പൂർത്തിയാക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 168 കോടി രൂപയുടെ ബൃഹത്തായ സ്വീവറേജ് പദ്ധതിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ എ. സോണി നേറയും ബി. സോണിനേറയും നിർമ്മാണപരിപാടികൾ ഭാഗികമായി പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. സി. ബ്ലോക്കിനേറത് പൂർത്തിയായിട്ടില്ല. അത് നടന്നുകൊണ്ടിരിക്കുകയാണ്. അൽപസമയംകൂടി എടുക്കും. അത് പൂർത്തിയാകുന്നതോടുകൂടി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകും.

(42) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് കുറവ്

ശ്രീ. പി. കെ. കെ. ബാവ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഗുരുവായൂർ ടൗൺഷിപ്പിലും ചാവക്കാട് മുനിസിപ്പൽ ഏരിയായിലും പുന്നയൂർക്കുളം സെക്ഷന്റെ പരിധിയിൽപ്പെട്ട സ്ഥലങ്ങളിലും വോൾട്ടേജ്കുറവ് വളരെയേറെ ദുഃസഹമായി ജനങ്ങൾക്ക് അനുഭവപ്പെട്ടുവരികയാണ്, മണ്ണെണ്ണവിളക്കിനെ ആശ്രയിച്ചാണ് ജനങ്ങൾ പലപ്പോഴും അവിടെ വെളിച്ചം ലഭ്യമാക്കുന്നത്. പുന്നയൂർക്കുളം സെക്ഷന്റെ കീഴിൽ ഏഴായിരത്തിലധികം ഉപഭോക്താക്കളാണ് ഇപ്പോഴുള്ളത്. ഇത്രയും ആളുകൾക്ക് വൈദ്യുതി നൽകാനുള്ള സംവിധാനം ഈ സെക്ഷനിൽ ഇപ്പോഴില്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള ഗുരുവായൂരിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അവിടെയൊരു സബ്സ്റ്റേഷൻ ബഹുമാനപ്പെട്ട മന്ത്രി ബാലകൃഷ്ണപിള്ള തന്നെ ഞങ്ങൾക്ക് സാംഗ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു തന്നതാണ്. പക്ഷെ ഇന്നുവരെ അതു പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുള്ള ദുഃഖകരമായ സ്ഥിതിവിശേഷം ഞാൻ അദ്ദേഹത്തിന്റെ ഓർമ്മയിൽപ്പെടുത്തുന്നു. ഇപ്പോഴുണ്ടായിട്ടുള്ള പ്രത്യേകമായ 'വോൾട്ടേജുകമ്മി പരിഹരിക്കുന്നതിനും ഈ സബ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഗുരുവായൂരിൽ സ്ഥാപിക്കുന്ന ഈ സബ് സ്റ്റേഷന്റെ സ്ഥലം 99 കൊല്ലത്തെ പാട്ടവ്യവസ്ഥയിൽ വിദ്യുച്ഛക്തി ബോർഡിനു തരാമെന്ന് ഗുരുവായൂർ ദേവസ്വം തീരുമാനിച്ചതാണ്. പക്ഷെ ഇതുവരെ സ്ഥലം വിട്ടുകിട്ടിയിട്ടില്ല. സ്ഥലം വിട്ടുകിട്ടിയാൽ ഉടൻതന്നെ ഈ സ്റ്റേഷന്റെ പണി ആരംഭിക്കാനുള്ള അനുവാദം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിനുള്ള നടപടി പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ പക്കലാണ് ഇതിന്റെ ഫയലുകളെന്നാണ് പറയുന്നത്. അതു വളരെ വേഗം ക്ലിയർ ചെയ്തു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സബ് സ്റ്റേഷൻ അനുവദിച്ചിട്ടു രണ്ടോ മൂന്നോ വർഷമായെങ്കിലും, ആ സ്ഥലം വിട്ടുതരാത്തകാരണത്താൽ പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. സ്ഥലം കിട്ടിയാൽ ഉടനെ പണി തുടങ്ങുന്നതാണ്.

(43) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ശുദ്ധജല ദൗർലഭ്യം

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, ഏറ്റവും രൂക്ഷമായ ശുദ്ധജല ക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ് വടക്കാഞ്ചേരി നിയോജകമണ്ഡലം. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി വടക്കാഞ്ചേരി ശുദ്ധജല വിതരണ പദ്ധതിയുടെ പണി തുടങ്ങിയിട്ട് 3 കൊല്ലമായി. പണി ഏറെക്കുറെ കഴിഞ്ഞെങ്കിലും പൈപ്പുകൾ ബന്ധിപ്പിക്കുന്നതിന് ബെൻറുകളില്ല. ഇലക്ട്രിസിറ്റി കണക്ഷനു വേണ്ട കോൺട്രിബ്യൂഷനായി ഒരു ലക്ഷത്തിൽ ചിലവാനം ഉറുപ്പിക അടച്ചു കഴിഞ്ഞിരിക്കുകയാണ്. വേണ്ടുമെങ്കിൽ ഉത്സാഹിച്ചാൽ ഒരു മാസത്തിനകം ഈ ശുദ്ധജലവിതരണപദ്ധതി ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ആ വിധത്തിൽ ഇതിന്റെ പണി ഉടനെതന്നെ പൂർത്തിയാക്കണം. കടങ്ങോട് ശുദ്ധജലവിതരണപദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ട് കാലം കുറെയായെങ്കിലും നടപടിയൊന്നുമായിട്ടില്ല. ആയത് ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഉടനടി നടപ്പാക്കി ആ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ട നടപടികളെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, വടക്കാഞ്ചേരി ആഗ്മെന്റേഷൻ സ്കീമിനെ സംബന്ധിച്ചിടത്തോളം അതിന്റെ ഡപ്പോസിറ്റ് തുക അടച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ കിട്ടിയാൽ ഉടൻതന്നെ അതു കമ്മീഷൻ ചെയ്യുന്നതാണ്. കടങ്ങോട് ശുദ്ധജലവിതരണപദ്ധതി ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ സ്കീമിൽപ്പെടുത്തി കിട്ടുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിലേക്ക് ആ സ്കീം അയച്ചുകൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly